പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1571** **14.12.2012 ൽ മറുപടിയ്ക്ക്**

**<u>വരൾച്ച മൂലമുണ്ടായ കൃഷിനാശം</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.കെ.കെ.നാരായണൻ | ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഏതെല്ലാം ജില്ലകളെയാണ് വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) വയനാട്, ഇടുക്കി, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളെയാണ് വരൾച്ചാബാധിതമായി പ്രഖ്യാപിച്ചിട്ടുള്ളത്. 2012 ജൂൺ 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിൽ ലഭിച്ച മഴയുടെ അളവിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയ സാഹചര്യത്തിലാണ് പ്രസ്തുത ജില്ലകളെ വരൾച്ചാബാധിതമായി പ്രഖ്യാപിച്ചിട്ടുള്ളത്. |
| (ബി) ഈ ജില്ലകളിൽ വരൾച്ച മൂലം ഉണ്ടായ കൃഷിനാശം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ; | (ബി) വയനാട്, ഇടുക്കി, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ വരൾച്ച മൂലം 50% ത്തിലധികം കൃഷിനാശം സംഭവിച്ചതിന്റെ കണക്കുകൾ ചുവടെപ്പറയും പ്രകാരമാണ്. |

| ജില്ല | കൃഷിനാശം (ഹെക്ടറിൽ) |
|---|---|
| തിരുവനന്തപുരം | 24204.00 |
| കൊല്ലം | 5.11 |
| ഇടുക്കി | 1164.00 |
| വയനാട് | 49000.00 |
| ആകെ | 74373.11 |

| ചോദ്യം | മറുപടി |
|---|---|
| (സി) വരൾച്ചാ ദുരിതബാധിത ജില്ലകളിൽ കേന്ദ്രസംഘം സന്ദർശനം നടത്തിയോ; വരൾച്ചാ ദുരിതാശ്വാസത്തിനായി എന്ത് തുക നല്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുവെന്നറിയിക്കാമോ; | (സി) വരൾച്ചാ ദുരിതബാധിത ജില്ലകളിൽ കേന്ദ്രസംഘം സന്ദർശനം നടത്തിയിട്ടുണ്ട്. ദുരിതാശ്വാസത്തിനായി 55.8 കോടി രൂപ അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിന്മേൽ കേന്ദ്രസർക്കാർ എന്ത് തീരുമാനം കൈക്കൊണ്ടുവെന്നറിയിക്കുമോ ? | (ഡി) സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാർ പരിഗണിച്ചുവരുന്നതായി അറിയുന്നു. |

സെക്ഷൻ ഓഫീസർ